**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 178** **07-06-2021 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 836 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 1830 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ-170, സ്റ്റാഫ് നഴ്സ് ഗ്രേഡ്II-340, ലാബ് ടെക്നീഷ്യൻ -170, ഫാർമസിസ്റ്റ് -150 എന്നീ തസ്തികകളും ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ -400, സ്റ്റാഫ് നഴ്സ് ഗ്രേഡ് II-400, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-200 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളത്; | (സി) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന 13 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 1. ചെറുതാഴം പ്രാഥമികാരോഗ്യകേന്ദ്രം 2. കടന്നപ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രം 3. കല്ല്യാശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രം 4. ചെറുകുന്ന് (തറ) പ്രാഥമികാരോഗ്യകേന്ദ്രം 5. കുഞ്ഞിമംഗലം പ്രാഥമികാരോഗ്യകേന്ദ്രം 6. മാട്ടൂൽ പ്രാഥമികാരോഗ്യകേന്ദ്രം 7. പട്ടുവം പ്രാഥമികാരോഗ്യകേന്ദ്രം 8. കണ്ണപുരം പ്രാഥമികാരോഗ്യകേന്ദ്രം 9. ചെറുകുന്ന് (പുന്നച്ചേരി ) പ്രാഥമികാരോഗ്യകേന്ദ്രം 10.ആലക്കാട് പ്രാഥമികാരോഗ്യകേന്ദ്രം 11. ഏഴോം പ്രാഥമികാരോഗ്യകേന്ദ്രം 12. മുട്ടം പ്രാഥമികാരോഗ്യകേന്ദ്രം 13.പുതിയങ്ങാടി ഫിഷറീസ് പ്രാഥമികാരോഗ്യകേന്ദ്രം ആയതിൽ 7 സ്ഥാപനങ്ങൾ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രം- ചെറുതാഴം, കടന്നപ്പള്ളി, കല്ല്യാശ്ശേരി, ചെറുകുന്ന് (തറ), കുഞ്ഞിമംഗലം, മാട്ടൂൽ, പട്ടുവം എന്നിവയാണവ. |

| | | | |
|---|---|---|---|
| (ഡി) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | ചെറുതാഴം,കല്ല്യാശ്ശേരി, ചെറുകുന്ന്(തറ), മാട്ടൂൽ, പട്ടുവം എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ